**ഗ്രന്ഥപരമ്പര 'ധാർമിക വിധികൾ' :**

**ദേവപൂജ - ഖണ്ഡം 1**

# പൂജാമണ്ഡപവും പൂജാസാമഗ്രികളും

(ശാസ്ത്രീയമായ മഹത്ത്വവും ക്രമീകരണവും)

(Temple at home and implements used in worship - Malayalam)

## ആമുഖം

ഭക്തിമാർഗപ്രകാരം ഈശ്വരപ്രാപ്തിക്കായി ഉപാസന ചെയ്യുന്നവരുടെ ഒരു പ്രധാനപ്പെട്ട ഉപാസനാരീതിയാണ് ദേവപൂജ. സ്വാഭാവികമായി ദേവപൂജ ചെയ്യുന്നവരുടെ ഗൃഹങ്ങളിൽ പൂജാമുറിയോ പൂജാമണ്ഡപമോ ഉണ്ടായിരിക്കും. ഈയിടെയായി പല വീടുകളിലും പൂജാമണ്ഡപം ഉണ്ടാക്കുമ്പോൾ അതിന്റെ ശാസ്ത്രീയ വശത്തെക്കുറിച്ച് ചിന്തിക്കാതെ അവനവന്റെ സൗകര്യം അനുസരിച്ച് അല്ലെങ്കിൽ ഒരു കാഴ്ചയ്ക്കായി പൂജാമണ്ഡപംഉണ്ടാക്കുന്നു.അധ്യാത്മത്തിൽഓരോ കാര്യവും ഓരോ പ്രത്യേക രീതിയിൽ ചെയ്യുന്നതിനും പിന്നിൽ എന്തെങ്കിലും ശാസ്ത്രമുണ്ട്. അതായത് ഓരോ കാര്യവും ശാസ്ത്രമനുസരിച്ച് ചെയ്യുകയാണെങ്കിൽ മാത്രമേ അതിൽനിന്നും ആധ്യാത്മിക ഗുണം കൂടുതലായി ലഭിക്കുകയുള്ളൂ. ഈ ഉദ്ദേശ്യത്തോടെ തയ്യാറാക്കിയ ഈ ലഘുഗ്രന്ഥത്തിൽ പൂജാമണ്ഡപത്തിന്റെ ദിശ, നിറം, ആകൃതി, അളവ്, ദേവതകളുടെ ക്രമീകരണം, ഇവയോടനുബന്ധിച്ചുള്ള അധ്യാത്മശാസ്ത്രപരമായ ജ്ഞാനം നൽകുന്നു.

ചെമ്പ് കൊണ്ടുള്ള തട്ടം, നീരാഞ്ജനം, മണി, വിളക്ക് എന്നീ സാമഗ്രികൾ പൂജയിലൂടെ ദേവതകളുടെ കൃപ നേടുന്നതിനുള്ള പ്രധാനപ്പെട്ട മാധ്യമങ്ങളാണ്. പൂജയ്ക്ക് മുമ്പ് ഇവയെ ഒരു നിശ്ചിത രീതിയിൽ ക്രമീകരിച്ചാൽ പൂജയ്ക്കു ശേഷം ദേവതാതത്ത്വം കൂടുതൽ അളവിൽ എങ്ങനെ ലഭിക്കുന്നു, എന്നതിനെക്കുറിച്ച് അധ്യാത്മ ശാസ്ത്രപരമായ വിശകലനം ഈ ലഘുഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്നു. പൂജയ്ക്ക് ഉപയോഗിക്കുന്ന സാമഗ്രികളുടെ പ്രാധാന്യം മനസ്സിലാക്കിയാൽ അതിനോടുള്ള ഭക്തിഭാവം വളരുന്നു. ഭക്തിഭാവ ത്തോടെ ചെയ്യുന്ന ദേവതാപൂജയിലൂടെ സ്വാഭാവിക മായും ദേവതാതത്ത്വത്തിന്റെ ഗുണം കൂടുതൽ ലഭിക്കുന്നു. അതിനാൽ പൂജയ്ക്ക് ഉപയോഗിക്കുന്ന സാമഗ്രികളുടെ മഹത്ത്വം, വിശേഷത മുതലായവ ഈ ലഘുഗ്രന്ഥത്തിൽ വിശദീകരിച്ചിരിക്കുന്നു.

ഈ ലഘുഗ്രന്ഥത്തിൽ വിശദീകരിച്ചിരിക്കുന്ന ശാസ്ത്രം മനസ്സിലാക്കി അത് പ്രാവർത്തികം ആക്കുന്നവർക്ക് ഈശ്വര ചൈതന്യത്തിന്റെ ഗുണം കൂടുതലായി ലഭിക്കട്ടെയെന്ന് ശ്രീഗുരുചരണങ്ങളിൽ പ്രാർഥിക്കുന്നു. - **സമ്പാദകർ**

# അനുക്രമണിക


卐 ആമുഖം 6

卐 ഗ്രന്ഥത്തെക്കുറിച്ച് ലഭിച്ച ജ്ഞാനം 8

---

1. പൂജാമണ്ഡപം ഏതു ദിശയിലായിരിക്കണം? 11
2. പൂജാമണ്ഡപത്തിന്റെ രൂപം എങ്ങനെ ആയിരിക്കണം ? 13
3. പൂജാമണ്ഡപത്തിൽ ദേവതകളെ എങ്ങനെ ക്രമീകരിക്കണം? 28
4. പൂജാസാമഗ്രികൾ ഏത് ലോഹം ഉപയോഗിച്ച് നിർമിക്കണം? 40
5. പൂജയ്ക്കായി പഴയ സാമഗ്രികൾ ഉപയോഗിക്കുന്നത് എന്തുകൊണ്ട് ? 42
6. പൂജാസാമഗ്രികളുടെ അധ്യാത്മ ശാസ്ത്രപരമായ മഹത്ത്വം 44
7. പൂജയിലെ സാമഗ്രികളുടേയും മറ്റു വസ്തുക്കളുടേയും ക്രമീകരണം 68